DESPATCHED
On 18/12/21



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 531(2)/2019/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 9335/SIC-G6/2019 )**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സക്കീർ കെ.എ,
കാരോത്തുകുന്ന് ഹൗസ്,
മുപ്പത്തടം (പി.ഒ),
ആലുവ - 683 110.
— പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പോലീസ് സബ് ഇൻസ്പെക്ടർ,
ബിനാനിപുരം പോലീസ് സ്റ്റേഷൻ,
എറണാകുളം റൂറൽ,
എറണാകുളം - 682 011.
— എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 22/04/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20/05/2019 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 25/05/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 31/05/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/09/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 14/10/2019 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി :<br>സ്ഥലം : | 17/11/2021<br>കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺഹാൾ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ സക്കീർ കെ.എ, 25/05/2019 തീയതി സമർപ്പിച്ച പരാതി ഹർജി 31/05/2019 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 531(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി വിവരം നിഷേധിച്ചു കൊണ്ടുള്ള മറുപടിയാണ് ലഭ്യമാക്കിയത് എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 22/04/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് 9–ാം വാർഡ് മെമ്പർ വി.എം. സാജിതയുടെ ലെറ്റർ പേഡിൽ 22.04.2019–ൽ ഏതെങ്കിലും തരത്തിലുള്ള പരാതി ബിനാനിപുരം പോലീസ് സ്റ്റേഷൻ മുമ്പാകെ ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ടി പരാതിയുടെ ശരിപ്പകർപ്പ് രേഖാമൂലം ലഭ്യമാക്കണമെന്നും
2. മേൽപ്പടി പരാതി ലഭിച്ചതിനുശേഷം കേസ് നമ്പർ ഇട്ട് ഫയലിൽ സ്വീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ കേസ് നമ്പറും, ഫയൽ നമ്പറും രേഖാമൂലം ലഭ്യമാക്കണമെന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേലുള്ള മറുപടി 20/05/2019–ന് നൽകിയിട്ടുള്ളതുമാണ്.

4. എതിർകക്ഷി 11/10/2019–ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 22/04/2019–ൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ സമർപ്പിക്കുകയും, ആയതിന് 20/05/2019–ന് മറുപടി നൽകിയിട്ടുള്ളതും, തുടർന്ന് മറുപടിയിലെ 6,7,8,9 എന്നീ ചോദ്യങ്ങളുടെ മറുപടി തൃപ്തികരമല്ലയെന്ന് കാണിച്ച് അപ്പീൽവാദി 28/05/2019–ന് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, ആലുവ മുമ്പാകെ പരാതി സമർപ്പിക്കുകയും, ആയത് 04/06/2019–ൽ ബിനാനിപുരം പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ചു ~~തന്ന~~ കത്തിന് 11/06/2019–ന് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, ആലുവ മുമ്പാകെ മറുപടി സമർപ്പിച്ചിട്ടുള്ളതും തുടർന്ന് അപ്പീൽവാദി 31/05/2019 തീയതി കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിക്കുകയും 23/09/2019–ൽ ബിനാനിപുരം പോലീസ്

സ്റ്റേഷനിലേക്ക് അയച്ചു തന്നിട്ടുള്ളതും, അപ്പീൽവാദിയുടെ അപേക്ഷയിൽ പറയുന്ന 6,7,8,9 എന്നീ ചോദ്യങ്ങൾ സർവ്വീസ് ബുക്ക് പരിശോധിച്ച് നൽകേണ്ടതിനാൽ, ആയത് ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിലായതിനാൽ ലഭ്യമാക്കുന്നതിന് പരിമിതി ഉള്ള വിവരം അറിയിച്ചുകൊള്ളുന്നുവെന്നും ആയത് ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും 7, 8 ഇനങ്ങൾക്ക് മറുപടി നൽകുന്നതിനായി ഹർജിക്കാരന്റെ അപേക്ഷ പോലീസ് ഹെഡ്ക്വാർട്ടേഴ്സിലേക്ക് അയച്ചു നൽകണമെന്നും ടി വിവരം നേരിട്ട് ഹർജിക്കാരനു നൽകണമെന്നും കമ്മീഷൻ നിർദ്ദേശിയ്ക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 17-ാം** തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV